ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.08.2024** പ്രധാന വാർത്തകൾ **TIME : 12.50 PM**

1. ബഹിരാകാശ മേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങളിൽ നിന്ന് രാജ്യത്തെ യുവജനങ്ങൾക്ക് വളരെയധികം പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പരിസ്ഥിതിയെ മെച്ചപ്പെടുത്താൻ എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ടെന്നും മൻ കി ബാത്തിലൂടെ ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി.

**Prime Minister Narendra Modi said that the youth of the country has benefited a lot from the reforms implemented in the space sector. In Mann Ki Baath, the Prime Minister said that everyone should work together to improve the environment.**

2. രാഷ്ട്രീയ പശ്ചാത്തലം ഇല്ലാത്ത യുവാക്കൾക്കും രാഷ്ട്രീയത്തിൽ മുന്നോട്ടു വരാനാകുമെന്നും അവരുടെ അനുഭവസമ്പത്തും ആവേശവും രാജ്യത്തിനായി വിനിയോഗിക്കാമെന്നുമുള്ള പ്രതീക്ഷ പങ്കുവച്ച് പ്രധാനമന്ത്രി.

**The Prime Minister shared the hope that the youth who do not have a political background can also come forward in politics and utilize their experience and enthusiasm for the country.**

3. കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയ ഏകീകൃത പെൻഷൻ പദ്ധതി അടുത്ത വർഷം ഏപ്രിൽ ഒന്നിന് പ്രാബല്യത്തിൽ വരും.

**The Union Cabinet approved Unified Pension Scheme will come into effect on 1st April next year.**

4. ആരോപണങ്ങളെ തുടർന്ന് കേരള ചലച്ചിത്ര അക്കാദമി അധ്യക്ഷൻ രഞ്ജിത്തും അമ്മ ജനറൽ സെക്രട്ടറി സിദ്ദിഖും സ്ഥാനങ്ങൾ രാജിവച്ചു.

**Following the allegations, Kerala Chalachitra Academy President Ranjith and Amma General Secretary Siddique resigned from their posts.**

**5. നാസയുടെ ബഹിരാകാശ സഞ്ചാരികളായ സുനിത വില്യംസും ബാരി വിൽമോറും 2025 ഫെബ്രുവരിയിൽ ഭൂമിയിലേക്ക് മടങ്ങും.**

**NASA astronauts Sunita Williams and Barry Wilmore will return to Earth in February 2025.**

**6. ഏഷ്യൻ ഗെയിംസിലേക്ക് ചരിത്രത്തിലാദ്യമായി യോഗ്യത നേടി ഇന്ത്യൻ സർഫിംഗ് ടീം.**

**Indian surfing team qualified for the Asian Games for the first time in history**

**$$$$$$$$$$$$$$$$$$$$$$$$$$**

## HEADLINE-1

**MANN KI BAAT- 1**

ബഹിരാകാശ മേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങളിൽ നിന്ന് രാജ്യത്തെ യുവജനങ്ങൾക്ക് വളരെയധികം പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിന്റെ 113 ആം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വികസിത ഭാരതത്തിന്റെ അടിത്തറ ശക്തിപ്പെടുത്തുന്ന, നിരവധി കാര്യങ്ങൾ രാജ്യത്ത് ഇന്ന് സംഭവിക്കുന്നു. ആഗസ്റ്റ് 23-ന്, രാജ്യം ആദ്യ ദേശീയ ബഹിരാകാശ ദിനം ആഘോഷിച്ചു. കഴിഞ്ഞ വർഷം, ആഗസ്റ്റ് 23 നാണ് 'ചന്ദ്രയാൻ-3' ചന്ദ്രന്റെ ദക്ഷിണഭാഗത്തുള്ള ശിവ്-ശക്തി പോയിന്റിൽ വിജയകരമായി ലാൻഡ് ചെയ്തത്. ഈ നേട്ടം കൈവരിക്കുന്ന ലോകത്തെ ആദ്യത്തെ രാജ്യമാണ് ഇന്ത്യയെന്ന് ശ്രീ. മോദി അനുസ്മരിച്ചു. ബഹിരാകാശ സ്റ്റാർട്ടപ്പ് മേഖലയിൽ പ്രവർത്തിക്കുന്ന യുവാക്കളോട് പ്രധാനമന്ത്രി പരിപാടിയിൽ സംവദിച്ചു.

**$$$$$$$$$$$$$$$$$$$$$$$$$$**

## HEADLINE-2

**MANN KI BAAT- 2**

സ്വാതന്ത്ര്യ ദിനത്തിൽ ചുവപ്പുകോട്ടയിൽ നടത്തിയ പ്രസംഗത്തിന് ലഭിച്ച പ്രതികരണങ്ങളിൽ നിന്ന്, രാഷ്ട്രീയത്തിലേക്ക് വരാനുള്ള രാജ്യത്തെ വലിയൊരു വിഭാഗം യുവജനങ്ങളുടെ സന്നദ്ധത വ്യക്തമായതായി പ്രധാനമന്ത്രി പറഞ്ഞു. നമ്മുടെ കൂട്ടായ പ്രയത്നത്തിലൂടെ, രാഷ്ട്രീയ പശ്ചാത്തലം ഇല്ലാത്ത യുവാക്കൾക്കും രാഷ്ട്രീയത്തിൽ മുന്നോട്ടു വരാൻ കഴിയുമെന്നും, അവരുടെ അനുഭവസമ്പത്തും ആവേശവും രാജ്യത്തിനായി വിനിയോഗിക്കാൻ കഴിയുമെന്നും അദ്ദേഹം പ്രതീക്ഷ പങ്കുവച്ചു.

**(ഹോൾഡ് വോയിസ്- പി എം)**

'ഹർ ഘർ തിരംഗ' പ്രചാരണത്തിന് വലിയ സ്വീകാര്യത രാജ്യത്ത് ലഭിച്ചുവെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ജമ്മു കശ്മീരിലെ റിയാസിയിൽ 750 മീറ്റർ നീളമുള്ള പതാകയുമായി, ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ചെനാബ് റെയിൽവേ പാലത്തിൽ, തിരംഗ റാലി സംഘടിപ്പിച്ചത് പ്രധാനമന്ത്രി പരാമർശിച്ചു. അഞ്ച് കോടിയിലധികം സെൽഫികൾ ജനങ്ങൾ ഹർ ഘർ തിരംഗ വെബ്സൈറ്റിൽ പോസ്റ്റ് ചെയ്തു. ഈ പ്രചാരണപരിപാടി രാജ്യത്തെ മുഴുവൻ ഒരുമിപ്പിച്ചതായും പ്രധാനമന്ത്രി വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$$$$

## MANN KI BAAT- 3

പരിസ്ഥിതി സംരക്ഷണത്തിനും, സുസ്ഥിരവികസനത്തിനും വേണ്ടി രാജ്യത്ത് നടക്കുന്ന നിരവധി പ്രവർത്തനങ്ങൾ മൻ കി ബാത്തിൽ പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. അസമിലെ ടിൻസുകിയ ജില്ലയിലെ ബാരേകുരി ഗ്രാമത്തിലെ ആളുകൾ, ഹൂലോക്ക് ഗിബ്ബൺ കുരങ്ങുകളെ സംരക്ഷിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ, അരുണാചൽ പ്രദേശിൽ വന്യജീവി വേട്ട തടയാൻ 3-D പ്രിന്റിംഗ് സാങ്കേതികവിദ്യ ഉപയോഗിക്കുന്ന യുവജനങ്ങൾ എന്നിവരെ കുറിച്ച് പരിപാടിയിൽ ശ്രീ. മോദി സംസാരിച്ചു. മധ്യപ്രദേശിലെ ഝാബുവയിൽ ശുചീകരണത്തൊഴിലാളികൾ മാലിന്യത്തിൽ നിന്ന് കലാസൃഷ്ടികൾ ഉണ്ടാക്കി ഒരു പാർക്കിനെ മനോഹരമാക്കിയ സംഭവവും പ്രധാനമന്ത്രി പരാമർശിച്ചു. രാജ്യത്ത് നിരവധി സ്റ്റാർട്ട്-അപ്പ് സംഘങ്ങൾ പരിസ്ഥിതിയെ പരിപോഷിപ്പിക്കുന്ന ശ്രമങ്ങളിൽ പങ്കുചേരുന്നതിൽ സന്തോഷമുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.
**(ഹോൾഡ് വോയിസ്- പി എം)**

$$$$$$$$$$$$$$$$$$$$$$$$$$$

## MANN KI BAAT-4

ഇന്ന് ഭാരതത്തിലും വിദേശത്തും ആളുകൾ സംസ്കൃതത്തോട് പ്രത്യേക താത്പര്യം പ്രകടിപ്പിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. പല രാജ്യങ്ങളിലും സംസ്കൃത ഭാഷയെക്കുറിച്ച് ഗവേഷണ-പരീക്ഷണങ്ങൾ നടക്കുന്നുണ്ട്. പരിസ്ഥിതിയെ മെച്ചപ്പെടുത്താൻ എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ടെന്ന് പറഞ്ഞ ശ്രീ.മോദി, ഉപയോഗം കഴിഞ്ഞ കളിപ്പാട്ടങ്ങൾ, അവ ആവശ്യമുള്ളവർക്ക് എത്തിക്കാൻ രക്ഷിതാക്കളോട് ആഹ്വനം ചെയ്തു. പരിസ്ഥിതി സംരക്ഷണത്തിനുള്ള നല്ലൊരു വഴിയാണ് ഇതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കുടുംബം, സമൂഹം,രാജ്യം എന്നിവയുടെ ഭാവി നമ്മുടെ കുട്ടികളുടെ ആരോഗ്യത്തെ ആശ്രയിച്ചിരിക്കുന്നു. കുട്ടികളുടെ ആരോഗ്യത്തിന്, അവർക്ക് ശരിയായ പോഷകാഹാരം ലഭിക്കേണ്ടത് സുപ്രധാനമാണ്. കുട്ടികളുടെ പോഷകാഹാരം എന്ന വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സെപ്റ്റംബർ 1നും 30നും ഇടയിൽ 'പോഷകാഹാരമാസം' രാജ്യം ആചരിക്കുന്നു. തങ്ങളുടെ പ്രദേശത്തെ പോഷകാഹാര ബോധവൽക്കരണ കാമ്പെയ്നിൽ പങ്കു ചേരണമെന്നും ജനങ്ങളോട് പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

$$$$$$$$$$$$$$$$$$$$$$$$$$

## MANN KI BAAT- 5

'ഏക് പേഡ് മാ കേ നാം' പ്രചാരണത്തെ കുറിച്ച് ഓർമിപ്പിച്ച പ്രധാനമന്ത്രി, കഴിയുന്നത്ര മരങ്ങൾ നട്ടുപിടിപ്പിക്കാനും, അതിന് മറ്റുള്ളവരെ പ്രേരിപ്പിക്കാനും ആഹ്വനം ചെയ്തു. പാരീസ് പാരാലിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ താരങ്ങളെ #cheer4bharat എന്ന ഹാഷ് ടാഗിലൂടെ പ്രോത്സാഹിപ്പിക്കണമെന്നും പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

**(ഹോൾഡ് വോയിസ്- പി എം)**

രാജ്യത്ത് വരും നാളുകളിൽ ആഘോഷിക്കുന്ന ജന്മാഷ്ടമി, ഗണേശ ചതുർഥി, ഓണം, മീലാദ്-ഉൻ-നബി, തെലുങ്ക് ഭാഷാ ദിനം തുടങ്ങിയ ഉത്സവങ്ങൾക്ക് പ്രധാനമന്ത്രി മൻ കി ബാത്തിലൂടെ ആശംസകൾ നേർന്നു.

$$$$$$$$$$$$$$$$$$$$$$$$$$

## PM

മഹാരാഷ്ട്ര- രാജസ്ഥാൻ സന്ദർശനത്തിന്റെ ഭാഗമായി മഹാരാഷ്ട്രയിൽ ലഖ്പതി ദീദി സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്യുന്നു. ചടങ്ങിൽ 11 ലക്ഷം പുതിയ ലഖ്പതി ദീദികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം പ്രധാനമന്ത്രി നിർവ്വഹിച്ചു. രാജ്യത്തുടനീളമുള്ള ലഖ്പതി ദീദികളുമായി ശ്രീ. മോദി സംവദിച്ചു . 2,500 കോടി രൂപയുടെ റിവോൾവിംഗ് ഫണ്ട് വിതരണവും 5,000 കോടി രൂപയുടെ ബാങ്ക് വായ്പ വിതരണവും അദ്ദേഹം നിർവഹിച്ചു . വൈകിട്ട് ജോധ്പൂരിൽ രാജസ്ഥാൻ ഹൈക്കോടതിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപന ചടങ്ങിനെ ശ്രീ മോദി അഭിസംബോധന ചെയ്യും. രാജസ്ഥാൻ ഹൈക്കോടതി മ്യൂസിയവും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-3

**CABINET-UNIFIED PENSION SCHEME**

കേന്ദ്ര സർക്കാർ ജീവനക്കാർക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്ന ഏകീകൃത പെൻഷൻ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. കുറഞ്ഞത് 25 വർഷം സർവീസ് പൂർത്തിയാക്കുന്ന സർക്കാർ ജീവനക്കാർക്ക് വിരമിക്കുന്നതിന് മുൻപുള്ള 12 മാസത്തെ ശരാശരി അടിസ്ഥാന ശമ്പളത്തിന്റെ 50 ശതമാനം പെൻഷൻ ഉറപ്പ് നൽകുന്നതാണ് പദ്ധതി. പെൻഷൻ വാങ്ങുന്ന വ്യക്തി മരിച്ചാൽ, മരണത്തിന് തൊട്ടുമുമ്പ് വരെ വാങ്ങിയിരുന്ന പെൻഷൻ തുകയുടെ 60 ശതമാനം പെൻഷൻ കുടുംബത്തിന് ഉറപ്പാക്കും. പദ്ധതി അടുത്ത വർഷം ഏപ്രിൽ ഒന്ന് മുതൽ പ്രാബല്യത്തിൽ വരും. അതേസമയം, ഏകീകൃത പെൻഷൻ പദ്ധതിക്ക് അംഗീകാരം നൽകാനുള്ള കേന്ദ്ര മന്ത്രിസഭയുടെ തീരുമാനത്തെ സർക്കാർ ജീവനക്കാർ സ്വാഗതം ചെയ്തു. ഈ വിഷയത്തിൽ തങ്ങളുമായി കൂടിക്കാഴ്ച നടത്തിയതിന് പ്രധാനമന്ത്രിയോടുള്ള നന്ദിയും അവർ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-5

**SUNITA WILLIAMS**

നാസയുടെ ബഹിരാകാശ സഞ്ചാരികളായ സുനിത വില്യംസ്, ബാരി വിൽമോർ എന്നിവർ 2025 ഫെബ്രുവരിയിൽ ഭൂമിയിലേക്ക് മടങ്ങും. സ്പേസ്

എക്സ് പേടകത്തിലാകും അവർ തിരിച്ചെത്തുക. എട്ട് ദിവസത്തെ ദൗത്യത്തിനായാണ് സംഘം യാത്ര തിരിച്ചത്. എന്നാൽ ബഹിരാകാശ പേടകമായ ബോയിംഗ് സ്റ്റാർലൈനറിലെ സാങ്കേതിക തകരാർ മൂലം ദൗത്യത്തിന് ശേഷം മടക്കം വൈകുകയായിരുന്നു. അതേസമയം സ്റ്റാർലൈനർ ജീവനക്കാരില്ലാതെ ഭൂമിയിലേക്ക് മടങ്ങുമെന്ന് നാസ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-5

**RENJITH AND SIDHIQUE RESIGN**

കേരള ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത്ത് രാജിവെച്ചു. രഞ്ജിത്ത് അപമര്യാദയായി പെരുമാറിയെന്ന ബംഗാളി അഭിനേത്രിയുടെ ആരോപണത്തിന് പിന്നാലെയാണ് രാജി. മലയാള ചലച്ചിത്ര താര സംഘടനയായ AMMA യുടെ ജനറൽ സെക്രട്ടറി സ്ഥാനത്ത് നിന്ന് നടൻ സിദ്ദിഖും രാജിവച്ചു. യുവ അഭിനേത്രിയുടെ പീഡന ആരോപണത്തെ തുടർന്നാണ് രാജി. രാജിക്കത്ത് അസോസിയേഷൻ പ്രസിഡൻറ് മോഹൻലാലിന് കൈമാറി.

തെറ്റ് ചെയ്ത ആരെയും സർക്കാർ സംരക്ഷിക്കില്ലെന്നും തന്റേത് സ്ത്രീപക്ഷ നിലപാടാണെന്നും മന്ത്രി സജി ചെറിയാൻ ചെങ്ങന്നൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. ആരോപണങ്ങളിൽ പരാതി കിട്ടിയാലേ കേസ് എടുക്കൂ എന്നും മന്ത്രി വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-6

**SURFING ASIAN GAMES**

2026 ലെ ഏഷ്യൻ ഗെയിംസിലേക്ക് ചരിത്രത്തിലാദ്യമായി യോഗ്യത നേടി ഇന്ത്യൻ സർഫിംഗ് ടീം. ഈ വർഷത്തെ ഏഷ്യൻ സർഫിംഗ് ചാമ്പ്യൻഷിപ്പിലെ പ്രകടനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നേട്ടം. ചരിത്രനേട്ടത്തിന് സാക്ഷ്യം വഹിക്കാൻ കഴിഞ്ഞത് തികച്ചും സന്തോഷകരമാണെന്ന് സർഫിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ പ്രസിഡൻ്റ് അരുൺ വാസു പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$

## R G KAR – CBI

കൊൽക്കത്തയിലെ ആർ ജി കർ മെഡിക്കൽ കോളേജിലെ സാമ്പത്തിക ക്രമക്കേടുകളിൽ അന്വേഷണത്തിന്റെ ഭാഗമായി പതിനഞ്ച് ഇടങ്ങളിൽ സി ബി ഐ ഇന്ന് രാവിലെ സന്ദർശനം നടത്തി. കോളേജിലെ മുൻ പ്രിൻസിപ്പൽ സന്ദീപ് ഘോഷിനെ സി ബി ഐ ചോദ്യം ചെയ്യുകയാണ്. കോളേജിലെ നിലവിലെ പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ എന്നിവരെയും മറ്റൊരു സി ബി ഐ സംഘം ചോദ്യം ചെയ്യുകയാണ്.

$$$$$$$$$$$$$$$$$$$$$$$$$

## WAYANAD – SEARCH

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടലിൽ കാണാതായവർക്ക് വേണ്ടിയുള്ള തിരച്ചിൽ തുടരുന്നു. റിപ്പൺ ആനടിക്കാപ്പ് മുതൽ ചാലിയാർ വരെയുള്ള ഭാഗത്താണ് ഇന്ന് പ്രത്യേക സംഘം തിരച്ചിൽ നടത്തുന്നത്. വൈകിട്ട് 3.30 വരെയാണ് തിരച്ചിൽ നടക്കുക.

$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$$$$$